# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1983

14.07.2011- ൽ മറുപടിക്ക്

**അപകടകരമായ രാസപദാർത്ഥങ്ങൾ വാഹനങ്ങളിൽ കയറ്റുന്നതിനെതിരെ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) പത്തനംതിട്ടയിൽ ലോറിയിൽ കൊണ്ടുപോകുന്ന അമോണിയ വാതകം ചോർന്നത് ശ്വസിച്ച ധാരാളം ജനങ്ങളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 18.06.11-ന് രാവിലെ 8.30 മണിക്ക് KL 01 AE 6420-ാം നമ്പർ ടെമ്പോ വാനിൽ 160 ലിറ്റർ കൊള്ളുന്ന പ്ലാസ്റ്റിക് കന്നാസിൽ നിറയെ അമോണിയം വാതകം കയറ്റി തമിഴ് നാട്ടിൽ നിന്നും പത്തനംതിട്ട ജില്ലയിൽ വിവിധ ഭാഗങ്ങളിൽ വിൽപ്പനയ്ക്കായി കൊണ്ടുവരവെ താഴൂർ കടവ് - കൈപ്പട്ടൂർ റോഡിൽ താഴൂർ കടവ് ജംഗ്ഷന് സമീപം വച്ച് അമോണിയ വാതകം ചോർന്ന് അന്തരീക്ഷത്തിൽ പടർന്ന് അതുവഴി വന്ന 15 സ്കൂൾ കുട്ടികളും മറ്റ് 6 പേരും അടക്കം 21 വഴിയാത്രക്കാർക്ക് ശ്വാസ തടസ്സവും വിമ്മിട്ടവും മറ്റ് ശാരീരിക അസ്വസ്ഥതകളും ഉണ്ടായതിനാൽ അവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 208, 284, 336 എന്നീ വകുപ്പുകൾ പ്രകാരവും കേരള പോലീസ് ആക്ടിലെ 118(സി) വകുപ്പ് പ്രകാരവും പോലീസ് സ്റ്റേഷൻ ക്രൈം നം.454/11 ആയി ടി വാഹനത്തിലെ ഡ്രൈവർ, ക്ലീനർ, സൂപ്പർവൈസർ എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതും ടി |

| | |
|---|---|
| | പ്രതികളെ അറസ്റ്റ് ചെയ്ത് ബഹു.കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. |
| ബി) അപകടകരമായ രാസപദാർത്ഥങ്ങൾ അശ്രദ്ധമായി വാഹനങ്ങളിൽ കയറ്റി കൊണ്ടു പോകുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ? | ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടാൽ അത്തരക്കാർക്കെതിരെ പോലീസ് നിയമം അനുശാസിക്കുന്ന കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇത് സംബന്ധിച്ച മോട്ടോർ വാഹന ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പ് എല്ലാ ഉദ്യോഗസ്ഥന്മാർക്കും കർശനമായ നിർദ്ദേശം ഇതിനകം തന്നെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ